**2020 വർഷത്തെ ഓൺലൈൻ പൊതു സ്ഥലം മാറ്റ ഉത്തരവിനുമേൽ ലഭിച്ച അപ്പീലുകളുടെ പരിശോധനയ്ക്കായി രൂപീകരിച്ച കമ്മിറ്റിയുടെ 6/11/2020 തീയതിയിലെ യോഗത്തിന്റെ മിനിട്സ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ വിവിധ തസ്തികകളിൽ 2020 വർഷത്തെ ഓൺലൈൻ പൊതു സ്ഥലം മാറ്റം നടപ്പിലാക്കി സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടു പുറപ്പെടുവിച്ച 27/8/2020 തീയതിയിലെ ഉത്തരവിനു മേൽ 15/10/2020- ന് മുൻപ് അപ്പീൽ സമർപ്പിക്കുവാൻ ജീവനക്കാർക്ക് അനുവാദം നൽകിയിരുന്നു. ഇത്തരം അപ്പീലുകൾ പരിശോധിക്കുന്നതിന് ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

കാ.വി.ക. ക്ഷേമ വകുപ്പ് ഡയറക്ടർ: ചെയർമാൻ
സീനിയർ അഡ്. ഓഫീസർ : വൈസ് ചെയർമാൻ
അഡ്. അസിസ്റ്റന്റ്- II : കൺവീനർ
ലോ ഓഫീസർ : മെമ്പർ
കൃഷി ഡെ. ഡയറക് ടർ (IT ) : മെമ്പർ
ഡയറക്ടറുടെ TA : മെമ്പർ
അഡ്: അസിസ്റ്റന്റ് - I : മെമ്പർ
ജൂനിയർ സൂപ്രണ്ട്, : മെമ്പർ
എസ് ഇ സെക്ഷൻ

മേൽ അപ്പീൽ കമ്മിറ്റി 6/11/2020-നു 11 മണിക്ക് യോഗം ചേരുകയും പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പുറപ്പെടുവിച്ച 25/2/2017 തീയതിയിലെ സ .ഉ.(പി)3/2017/ഉ.പ.ഭ.വ നമ്പർ ഉത്തരവിലും ഇതുമായി ബന്ധപ്പെട്ട മറ്റു ഉത്തരവുകളിലും വ്യവസ്ഥ ചെയ്ത നിബന്ധനകൾ അനുസരിച്ചു അപ്പീലുകളുടെ പരിശോധന നടത്തി. OA(E)1320, 1321,1323,1327,1337,1345, 1351, 1355, 1356, 1367, 1371, 1381, 1413, 1540 തുടങ്ങിയ കേസുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവു കമ്മിറ്റി പരിഗണിക്കുകയുണ്ടായി . ഉചിതമാർഗേണ നിശ്ചിത മാതൃകയിൽ ലഭിച്ച പരിഗണനാർഹമായ അപ്പീലുകളും കോടതിവിധിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട അപ്പീലുകളുമാണ് കമ്മിറ്റി പരിശോധനക്ക് വിധേയമാക്കിയത്.സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും കോടതി ഉത്തരവുകളും അപ്പീലുകളിൽ ഉന്നയിച്ച കാരണങ്ങളും പരിശോധിച്ച് അപ്പീൽ കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാനങ്ങൾ**

I) ഓരോ അപ്പീലുകളിലും കമ്മിറ്റിയുടെ ശുപാർശ അനുബന്ധമായി ചേർത്തിട്ടുണ്ട്. ശുപാർശ പരിഗണിച്ച ജില്ലക്ക് പുറത്തു സ്ഥലം മാറ്റം അനുവദിക്കേണ്ട സാഹചര്യത്തിൽ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന സ്ഥലം മാറ്റ അപേക്ഷകൾ റിപ്പോർട്ട് സഹിതം

ഡയക്ടറേറ്റിലേക്ക് അയക്കുന്നതിനു പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.

II)ജില്ലകളിൽ അധികമായി നിയമിക്കപ്പെട്ടവരെ ഉൾക്കൊള്ളിക്കുന്നതിലേക്ക് ആ ജില്ലയിൽ ഒരു സ്റ്റേഷനിൽ 3 വർഷത്തിലധികം സേവനമനുഷിക്കുന്നവരുടെ ലിസ്റ്റ് ഇപ്പോഴത്തെ സ്റ്റേഷനിലെ സേവനകാലയളവ് , ജില്ലയിലെ ആകെ സർവ്വീസ് കാലയളവ്, Home Station, out station ആകെ സർവ്വീസ് കാലയളവ് എന്നീ വിവരങ്ങൾ ഉൾപ്പെടെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ 15 ദിവസത്തിനകം കൃഷി ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

III)മാതൃകാപെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ അപ്പീലുകൾപരിശോധിച്ചു തയ്യാറാക്കുന്ന സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഇലക്ഷൻ കമ്മീഷന്റെ അനുമതി തേടുന്നതിന് തീരുമാനിച്ചു .

യോഗം 3 pm –നു അവസാനിച്ചു.

ഒപ്പ് /-
**ചെയർമാൻ & ഡയറക്ടർ**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33